കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - പെരുമ്പാവൂർ മുനിസിപ്പാലിറ്റി- ജെ.സി.ബി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:1256/2012/തസ്വഭവ തിരുവനന്തപുരം, തീയതി:02/5/2012**

---

പരാമർശം:- 1. പെരുമ്പാവൂർ മുനിസിപ്പൽ സെക്രട്ടറിയുടെ 24/9/11-ലെ ജി6-91/10-11 നമ്പർ കത്ത്.

2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10/1/12-ലെ 222/ബി2/2008/എസ്.എം നമ്പർ കത്ത്.

3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 5/3/12-ലെ ഡിബി2-1830/12/സി.ഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

പെരുമ്പാവൂർ നഗരസഭയ്ക്ക് ഖരമാലിന്യ സംസ്ക്കരണത്തിനായി നഗരസഭയുടെ 2011-12 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പതിനാല് ലക്ഷം രൂപയ്ക്ക് ഒരു മിനി ജെ.സി.ബി വാങ്ങുന്നതിന് സർക്കാർ അനുമതിയ്ക്ക് വിധേയമായി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ടെന്നും ആയതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം പെരുമ്പാവൂർ നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ നഗരസഭയുടെ ഖരമാലിന്യ സംസ്ക്കരണത്തിനായി നഗരസഭയുടെ 2012-13 വാർഷിക പദ്ധിയിലുൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തോടുകൂടി പതിനാല് ലക്ഷം രൂപ ചെലവഴിച്ച് ഒരു മിനി ജെ.സി.ബി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വി.ശോഭ**

അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
3. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5. സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ, എറണാകുളം
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.